**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി - കുണ്ടറ നിയോജക മണ്ഡലം - സി സി ടി വി ക്യാമറ സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് തുക അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

സ.ഉ. (സാധാ) നം. 1557/2018/ധന — തിരുവനന്തപുരം, തീയതി : 28.02.2018

പരാമർശം :
1. 29.12.2017-ലെ സ.ഉ.(അ) നം. 161/2017/ധന. ഉത്തരവ്
2. മത്സ്യബന്ധന-ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മയുടെ 27.01.2018-ലെ കുറിപ്പ്.

**ഉത്തരവ്**

കുണ്ടറ നിയോജകമണ്ഡലത്തിലെ 8 സ്ഥലങ്ങളിൽ സി സി ടി വി ക്യാമറ സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് എം.എൽ.എ.മാരുടെ 2017-18-ലെ പ്രത്യേക വികസന നിധിയിൽ നിന്നും 20 ലക്ഷം രൂപ വിനിയോഗിക്കുവാൻ പ്രത്യേകാനുമതി നൽകണമെന്ന് മത്സ്യബന്ധന-ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കുണ്ടറ നിയോജകമണ്ഡലത്തിലെ 8 സ്ഥലങ്ങളിൽ സി സി ടി വി ക്യാമറ സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് കുണ്ടറ നിയോജകമണ്ഡലത്തിലെ എം.എൽ.എ.യും മത്സ്യബന്ധന-ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയുമായ ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മയുടെ 2017-18-ലെ പ്രത്യേക വികസന നിധിയിൽ നിന്നും **20,00,000/- രൂപ (ഇരുപത് ലക്ഷം രൂപ മാത്രം)** വിനിയോഗിക്കുവാൻ പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മാർഗ്ഗരേഖയിൽ ഇളവു വരുത്തി പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.എസ്.ഉഷ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ)കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
മത്സ്യബന്ധന-ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ജില്ലാ കളക്ടർ, കൊല്ലം
ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം
നോഡൽ ഓഫീസർ www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E 726303 )

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**